ഉത്തരം

(എ, ബി) കൃത്യമായ കണക്കുകൾ ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ ദൂരം ഏകദേശം 11760 കിലോമീറ്റർ എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) പൂർണ്ണമായും ജണ്ട കെട്ടിയിട്ടില്ല.

(എഫ്) 4999.15 കിലോമീറ്റർ ജണ്ട കെട്ടുവാനുണ്ട്.

(ജി) ഇല്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർത്തിയാക്കിവരുന്നു.

പാണ്ടി-ബളവന്തടുക്ക ഫോറസ്റ്റ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി

76 [5544] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേലംപാടി പഞ്ചായത്തിലെ ബളവന്തടുക്ക പട്ടിക വർഗ്ഗകോളനിയിലേക്കുള്ള പാണ്ടി-ബളവന്തടുക്ക ഫോറസ്റ്റ് റോഡിന് 2001-2002-ലെ പട്ടികവർഗ്ഗ ഫണ്ടിൽനിന്ന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ റോഡിന്റെ പ്രവൃത്തി എന്ന് ടെണ്ടർ പരസ്യം ചെയ്തു എന്നും അവ ഏതൊക്കെ പത്രങ്ങളിലാണ് നൽകിയതെന്നും അറിയിക്കാമോ;

(സി) ഇത്തരത്തിൽ ടെണ്ടർ ചെയ്തിട്ടില്ലെങ്കിൽ അങ്ങനെ ചെയ്യാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽപ്രവൃത്തിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിന്മേൽ എന്ത് നടപടിയാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 7,65,000 രൂപ.

(ബി) 18-2-2003-ലാണ് ടെണ്ടർ പരസ്യം നൽകിയത്. അത് മാതൃഭൂമി ദിനപത്രത്തിലും 11-3-2003-ലെ കേരള ഗസറ്റിലും പരസ്യപ്പെടുത്തിയിട്ടുണ്ട്.

(സി) മുകളിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം പ്രസക്തമല്ല.

(ഡി) ഇതു സംബന്ധിച്ച് ശ്രീ. കെ. വി. കുഞ്ഞിരാമൻ എം. എൽ. എ. മുഖേന ലഭിച്ച ദേലംപാടി ഗ്രാമപഞ്ചായത്ത് 10-ാം വാർഡ് ബളവന്തടുക്ക ഗ്രാമവാസികളുടെ നിവേദനത്തിന്റെ പകർപ്പ് അടിയന്തിര റിപ്പോർട്ടിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം)-ന് അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly